# ഇ-പഠന കേന്ദ്രം

**കേരള കാർഷിക സർവ്വകലാശാല**

ഐ.ടി.-ബി.ടി. കോംപ്ലക്സ്
കെഎയു,വെള്ളാനിക്കര
തൃശൂർ , കേരള –680656

തിയ്യതി: 2021 ജൂൺ 14

KAU MOOC

## അറിയിപ്പ്

കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള സെന്റർ ഫോർ ഇ ലേണിംഗ് അഥവാ ഇ-പഠന കേന്ദ്രം വഴി **"രോഗ കീട നിയന്ത്രണം ജൈവ ജീവാണു മാർഗ്ഗങ്ങളിലൂടെ"** എന്ന വിഷയത്തിൽ MOOC (മാസ്സീവ് ഓപ്പൺ ഓൺലൈൻ കോഴ്സ്) സംഘടിപ്പിക്കുന്നു. 2021 ജൂൺ 28 ന് ആരംഭിക്കുന്ന ഈ കോഴ്സിൻറെ അഞ്ചാമത്തെ ബാച്ചിലേക്ക് രജിസ്റ്റർ ചെയ്യേണ്ട അവസാന ദിവസം 2021 ജൂൺ മാസം 27-)o തീയതിയാണ്.

24 ദിവസം ദൈർഘ്യമുള്ള ഈ കോഴ്സ് പൂർണ്ണമായും മലയാളത്തിലാണ് പരിശീലിപ്പിക്കുന്നത്. പത്ത് സെഷനുകളിലായി തയ്യാറാക്കിയ കോഴ്സ് കെ.എ.യു. MOOC പ്ലാറ്റ്ഫോമിലൂടെ പഠിതാവിൻറെ സൗകര്യാർത്ഥം പ്രയോജനപ്പെടുത്താവുന്നതാണ്. കോഴ്സ് പൂർത്തിയാക്കുമ്പോൾ ഇ-പഠന കേന്ദ്രം നടത്തുന്ന പരീക്ഷയിൽ പങ്കെടുത്ത് പാസ്സാവുന്ന പഠിതാക്കൾക്ക് ഒരു നിശ്ചിത ഫീസ് അടയ്ക്കുന്ന മുറയ്ക്ക് സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതാണ്.

ഈ പരിശീലന കോഴ്സിൽ രജിസ്റ്റർ ചെയ്യുന്നതിനായി താഴെ പറയുന്ന നിർദേശങ്ങൾ പാലിക്കുക. (ഒറ്റത്തവണ രജിസ്ട്രേഷൻ ആയതിനാൽ മുൻപ് ചെയ്ത പഠിതാക്കൾ വീണ്ടും ഈ രജിസ്ട്രേഷൻ ചെയ്യേണ്ടതില്ല . അവർ താഴെ കാണുന്ന 4 മുതൽ 7 വരെയുള്ള നിർദേശങ്ങൾ പാലിച്ചാൽ മതിയാകും)

1) www.celkau.in/MOOC/Default.aspx എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുക.
2) തുടർന്നു കാണുന്ന പേജിൽ വലതു വശത്തായി കാണുന്ന "രജിസ്റ്റർ" എന്ന ബട്ടൺ അമർത്തി പ്ലാറ്റ്ഫോം രജിസ്ട്രേഷൻ പേജിൽ കയറുക.
3) ഈ പേജിൽ ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ നൽകി "രജിസ്റ്റർ" ബട്ടൺ അമർത്തുക. (ഇപ്പോൾ നിങ്ങൾ പ്ലാറ്റ്ഫോമിൽ രജിസ്റ്റർ ചെയ്ത് കഴിഞ്ഞു). ഇനി കോഴ്സ് രജിസ്ട്രേഷൻ കൂടി പൂർത്തിയാക്കേണ്ടതുണ്ട്. അതിനായി താഴെ കാണുന്ന 4 മുതൽ 6 വരെയുള്ള നിർദേശങ്ങൾ പാലിക്കുക.
4)'കോഴ്സിലേക്കുള്ള പ്രവേശനം' എന്ന ലിങ്ക് വഴിയോ പൂമുഖം പേജിലുള്ള(Home Page) "പ്രവേശനം" എന്ന ബട്ടൺ വഴിയോ നിങ്ങളുടെ യൂസർ ഐ.ഡി. യും പാസ്സ്‌വേർഡും ഉപയോഗിച്ച് ലോഗിൻ ചെയ്യുക.
5) ശേഷം 'പുതിയ കോഴ്സുകൾ' എന്ന ബട്ടണിൽ ക്ലിക്ക് ചെയ്ത് **'രോഗ കീട നിയന്ത്രണം ജൈവ ജീവാണു മാർഗ്ഗങ്ങളിലൂടെ'** എന്ന കോഴ്സ് തുറക്കുക.
6) തുടർന്ന് 'അംഗത്വം നേടുക' എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുക.(ഇപ്പോൾ നിങ്ങൾ പുതിയ കോഴ്സിൽ ചേർന്നിരിക്കുന്നു).
7) കോഴ്സ് ആരംഭിക്കുന്ന ദിവസം മുതൽ ' പ്രവേശനം ' എന്ന ബട്ടൺ ക്ലിക്ക് ചെയ്ത് യൂസർ ഐഡിയും പാസ്‌വേഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത് ക്ലാസ്സുകളിൽ പങ്കെടുക്കാവുന്നതാണ്.

**രോഗ കീട നിയന്ത്രണം ജൈവ ജീവാണു മാർഗ്ഗങ്ങളിലൂടെ** എന്ന MOOC കോഴ്സിലേക്ക് ഏവരെയും ഹൃദ്യമായി സ്വാഗതം ചെയ്യുന്നു.

കൂടുതൽ വിവരങ്ങൾക്ക് celkau@gmail.com എന്ന ഇമെയിൽ വഴി ബന്ധപ്പെടുക. സംശയ നിവാരണങ്ങൾക്കായി 9567190858, 7994076410, 9497353389 എന്നീ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

ഡയറക്ടർ
ഇ-പഠന കേന്ദ്രം,
കേരള കാർഷിക സർവ്വകലാശാല

## രജിസ്റ്റർ ചെയ്യേണ്ട വിധം

(മുൻപ് ഒറ്റത്തവണ രജിസ്ട്രേഷൻ പൂർത്തീകരിച്ചവർ 3 മുതലുള്ള നിർദേശങ്ങൾ ശ്രദ്ധിച്ചാൽ മതിയാകും )

1. http://celkau.in/MOOC/Default.aspx എന്ന സൈറ്റിലേക്ക് കയറിയതിനു ശേഷം 'രജിസ്റ്റർ' എന്ന ലിങ്ക് ക്ലിക്ക് ചെയ്യുക.







2. രജിസ്ട്രേഷൻ ഫോം പൂരിപ്പിച്ചതിനു ശേഷം 'രജിസ്റ്റർ' ബട്ടൺ അമർത്തുക. തുടർന്ന് വരുന്ന പേജിൽ 'കോഴ്സുകളിലേക്കുള്ള പ്രവേശനം' ക്ലിക്ക് ചെയ്യുക.




3. ശേഷം വരുന്ന പേജിൽ നിങ്ങൾ രജിസ്ട്രേഷൻ സമയത്ത് നൽകിയ യൂസർ നെയിമും പാസ്സ്‌വേർഡും നൽകി ലോഗിൻ ചെയ്യുക.




4. ഇപ്പോൾ നിങ്ങളുടെ പ്രൊഫൈൽ തുറന്നു വന്നിരിക്കുന്നു. അതിൽ ഇടതു വശത്തായി കാണുന്ന 'പുതിയ കോഴ്സുകൾ' എന്നതിൽ ക്ലിക്ക് ചെയ്യുക.






5. 'രോഗ കീട നിയന്ത്രണം ജൈവ ജീവാണു മാർഗ്ഗങ്ങളിലൂടെ ' എന്നതിൽ ക്ലിക്ക് ചെയ്യുമ്പോൾ വിഷയത്തെ കുറിച്ചുള്ള ഒരു ആമുഖ വീഡിയോ കാണാന് സാധിക്കും.




6. വീഡിയോയുടെ തൊട്ടു മുകളിലായി വലതു വശത്ത് 'അംഗത്വം നേടുക' എന്ന ടാബിൽ ക്ലിക്ക് ചെയ്ത് ഈ കോഴ്സിലേക്ക് പ്രവേശനം നേടാവുന്നതാണ്.




7. ഇപ്പോൾ നിങ്ങളുടെ പ്രൊഫൈലിൽ 'രജിസ്റ്റർ ചെയ്തിരിക്കുന്ന കോഴ്സുകൾ ' എന്നതിൻറെ താഴെ 'രോഗ കീട നിയന്ത്രണം ജൈവ ജീവാണു മാർഗ്ഗങ്ങളിലൂടെ ' എന്ന് കാണാൻ കഴിയും.




8. ക്ലാസ്സ് ആരംഭിക്കുന്ന ദിവസം http://celkau.in/MOOC/Default.aspx എന്നതിൽ 'പ്രവേശനം' ക്ലിക്ക് ചെയ്ത് രജിസ്ട്രേഷൻ സമയത്ത് നൽകിയ യൂസർ നെയിമും പാസ്സ്‌വേർഡും നൽകി ലോഗിന് ചെയ്യുക.
9. ഇപ്പോൾ നിങ്ങളുടെ പ്രൊഫൈലിൽ 'തുടർന്നു കൊണ്ടിരിക്കുന്ന കോഴ്സുകൾ ' എന്നതിൻറെ താഴെ 'രോഗ കീട നിയന്ത്രണം ജൈവ ജീവാണുമാർഗ്ഗങ്ങളിലൂടെ' എന്ന് കാണാൻ കഴിയും.
10. 'രോഗ കീട നിയന്ത്രണം ജൈവ ജീവാണുമാർഗ്ഗങ്ങളിലൂടെ' ക്ലിക്ക് ചെയ്യുക.
11. ക്ലാസ്സ് നോട്ട് pdf ഫോർമാറ്റിൽ ലഭിക്കാൻ 'ക്ലാസ്സ് നോട്ട്' ക്ലിക്ക് ചെയ്യുക.